പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6967 13.7.2012 ന് മറുപടിക്ക്

## കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. സി. പി. മുഹമ്മദ് | ശ്രീ.ഷിബു ബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| എ)കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി)ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വ്യക്തമാക്കുമോ ; | (ബി) കേരള സംസ്ഥാനത്തെ ഗാർഹിക ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനായിട്ടാണ് 2011 കേരള ഡൊമസ്റ്റിക് വർക്കേഴ്സ് ക്ഷേമനിധി പദ്ധതി രൂപീകരിച്ചിട്ടുള്ളത് . പെൻഷൻ ,കുടുംബ പെൻഷൻ, പ്രസവാനുകൂല്യം, വിവാഹാനുകൂല്യം, ചികിൽസാ സഹായം, വിദ്യാഭ്യാസാനുകൂല്യം, അംഗത്തിന്റെ കുടുംബാംഗങ്ങളുടെ മരണാനന്തര ചെലവ്, മരണാനന്തര സഹായം തുടങ്ങിയ വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിന് പ്രസ്തുത പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി)പ്രസ്തുത പദ്ധതിയിൽ അംഗമാകുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ എന്തെല്ലാം ? | (സി) 18 വയസ്സിനും 59 വയസ്സിനും ഇടയിൽ പ്രായമുള്ളതും ഉപജീവനത്തിനായി ഗാർഹിക ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും പദ്ധതിയിൽ അംഗമായി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇതിനായി ജോലി ചെയ്യുന്ന ജില്ലയിലെ ജില്ലാ എക്സിക്യൂട്ടീവ് |

ഓഫീസർക്ക് രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോയും, വയസ്സ് തെളിയിക്കുന്നതിനായി സ്കൂൾ സർട്ടിഫിക്കറ്റിന്റെ പകർപ്പോ, ജനനമരണ രജിസ്ട്രാറിൽ നിന്നുള്ള സർട്ടിഫിക്കറ്റോ, ഇലക്ഷൻ തിരിച്ചറിയൽ കാർഡിന്റെ ശരിപ്പകർപ്പോ , അസിസ്റ്റന്റ് സർജനിൽ കുറയാത്ത സർക്കാർ ഡോക്ടറുടെ സർട്ടിഫിക്കറ്റോ സഹിതം അപേക്ഷ നൽകേണ്ടതാണ്.

സെക്ഷൻ ഓഫീസർ